# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ .T 3232** — **21.12.2012- ലെ മറുപടിക്ക്**

## കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡം പുതുക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോമസ് ചാണ്ടി:<br>,, എ. കെ. ശശീന്ദ്രൻ: | | **ശ്രീ. കെ.സി. ജോസഫ്**<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | കേന്ദ്ര പദ്ധതികളുടെ മാനദണ്ഡങ്ങൾ സംസ്ഥാനങ്ങളുടെ സാഹ – ചര്യത്തിനനുസരിച്ച് മാറ്റം വരുത്തണമെന്ന സർക്കാരിന്റെ നിർദ്ദേശ–ത്തിൻമേൽ കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ ഇതുവരെ സ്വീകരിച്ച നടപടികളും ഇത് സംബന്ധിച്ച് സംസ്ഥാനത്തെ അറിയിച്ച വിശദീകരണങ്ങളും ലഭ്യമാക്കുമോ ; | (എ) | കേന്ദ്ര പദ്ധതികളുടെ മാനദണ്ഡങ്ങൾ സംസ്ഥാനങ്ങളുടെ സാഹചര്യങ്ങൾക്കനുസരിച്ച് മാറ്റം വരുത്തുന്നതിന് കേരളം നിരവധി നിർദ്ദേശങ്ങൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇതും കൂടി പരിഗണിച്ചുകൊണ്ടാണ് കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ മാറ്റങ്ങൾ വരുത്തുന്നതിന് ബി.കെ. ചതുർവ്വേദി കമ്മിറ്റിയെ നിയമിച്ചത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ പുനക്രമീകരിക്കുന്നതിനും മാനദണ്ഡങ്ങളിൽ ഇളവ് നൽകുന്നതിനും നിർദ്ദേശമുണ്ട്. |
| (ബി) | കേന്ദ്രാവിഷ്കൃത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും കേന്ദ്ര ഫണ്ട് കൃത്യമായി ലഭിക്കുന്നതിനും വിനിയോഗിക്കുന്നതിനും ഏതെങ്കിലും പദ്ധ – തികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ ? | (ബി) | കേന്ദ്രാവിഷ്കൃത പദ്ധതികൾ, കേന്ദ്രസഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികൾ എന്നിവ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും കേന്ദ്ര ഫണ്ട് കൃത്യമായി ലഭിക്കുന്നതിനും വേണ്ടി കേന്ദ്രസർക്കാരിന്റെ പ്രതിനിധിയും, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട കേന്ദ്ര ഗവൺമെന്റ് – |

സ്ഥാപനങ്ങളുടെ പ്രധിനിധികളെയും ഉൾപ്പെടുത്തി 30/04/2011 ലെ ജി.ഒ. (ആർ.റ്റി.) 128/2011/പ്ലാനിംഗ് പ്രകാരം ചീഫ് സെക്രട്ടറി അധ്യക്ഷനായി സെൻട്രൽ സെക്ടർ പ്രോജക്ട് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ കേരളത്തിന് താഴെ പറയുന്ന ഇളവുകൾ അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

1. കേന്ദ്രാവിഷ്കൃത പദ്ധതികൾ 100% കേന്ദ്രഫണ്ട് ആക്കുകയും, ആർ.കെ.വി.വൈ.യുടെ രീതിയിൽ മാറ്റുകയും ചെയ്യുക.

2. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് പ്രൊപ്പോസൽ നൽകുമ്പോൾ സംസ്ഥാന സർക്കാരുകൾ അഞ്ച് വർഷത്തേക്ക് എന്ന രീതിയിൽ നൽകുക.

3. വാർഷിക പദ്ധതിക്കുള്ള ഫണ്ട് രണ്ട് തവണയായി മുഴുവൻ തുകയും കേന്ദ്രം അനുവദിക്കേണ്ടതാണ്.

4. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ഫണ്ട് വിനിയോഗം സംസ്ഥാന സർക്കാരുകളുടെ പദ്ധതി നിർവ്വഹണത്തിന്റെ അടിസ്ഥാനത്തിലാക്കേണ്ടതും സെക്കന്റ് ജനറേഷൻ പ്രശ്നങ്ങൾ പരിഹരിക്കാനുതകുന്നതും പ്രവർത്തന മികവിനെ പ്രോത്സാഹിപ്പിക്കുന്നതും ആകണം.

സെക്ഷൻ ഓഫീസർ.